**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1279

20.01.2014-ന് മറുപടി നൽകേണ്ടിയിരുന്നത്

**കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷന്റെ ബംഗ്ലാവുകൾ സ്വകാര്യ ഹോട്ടൽ ഗ്രൂപ്പിനു കൈമാറിയ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) മൂന്നാറിലെ കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ ഇരുപത്തി ഒന്ന് ബംഗ്ലാവുകൾ സ്വകാര്യ ഹോട്ടൽ ഗ്രൂപ്പിന് പന്ത്രണ്ട് വർഷത്തേക്ക് കൈമാറിക്കൊണ്ട് കരാർ ഉറപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കരാർ പ്രകാരം 12 വർഷം കൊണ്ട് കെ.ഡി.എച്ച്.പി.ക്ക് വിവിധ ഇനത്തിൽ ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലൈസൻസ് ഫീസിനത്തിൽ 1,87,05,270/- രൂപ കെ.ഡി.എച്ച്.പി. കമ്പനിക്ക് ലഭിക്കുന്നതായി കരാർ പ്രകാരം കാണുന്നു. |
| (ബി) തോട്ടത്തിന്റെ 5 ശതമാനം ഭൂമി ടൂറിസത്തിനുപയോഗിക്കാമെന്നുള്ള സർക്കാർ തീരുമാനത്തെ തുടർന്നാണ് ഈ കരാറുകളിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് അറിയാമോ; | (ബി) അറിയില്ല. |
| (സി) കെ.ഡി.എച്ച്.പി. യഥാർത്ഥത്തിൽ അംഗീകൃത തോട്ടം ഉടമയാണോ; ഭൂമി സർക്കാരിൽ നിക്ഷിപ്തമാണെങ്കിൽ ഇരുപത്തി ഒന്ന് ബംഗ്ലാവുകൾ സ്വകാര്യ ഗ്രൂപ്പിന് കൈമാറ്റം ചെയ്യപ്പെട്ടത് എങ്ങനെയാണെന്നു വ്യക്തമാക്കാമോ? | (സി) കെ.ഡി.എച്ച്.പി. കമ്പനിയുടെ തേയില തോട്ടങ്ങൾ സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ടി ഭൂമി തോട്ടം ആവശ്യത്തിന് ഉപയോഗിക്കുന്നതിന് കെ.ഡി.എച്ച്.പി. കമ്പനിയ്ക്കു പാട്ടത്തിനു നൽകിയിരിക്കുകയാണ്. കെ.ഡി.എച്ച്.പി. ബംഗ്ലാവുകൾ സ്വകാര്യ ഗ്രൂപ്പിന് കൈമാറിയത് അനധികൃതമാണെന്ന് കണ്ടതിനെ തുടർന്ന് ടി കൈമാറ്റം റദ്ദു ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

ഴ.